ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX: 0471-2324951
email: celsgd@gmail.com
website: www.celsgd.com

നം:ഡിബി 1/1559/2010/സിഇ/തസ്വഭവ

തീയതി:20.06.2014

# സർക്കുലർ

വിഷയം:- തസ്വഭവ - ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിലെ തദ്ദേശസ്വയംഭരണ വകുപ്പ് (എൻജിനീയറിംഗ്) ഓഫീസുകളിൽ പ്രത്യേക കാഷ് ബുക്ക് സൂക്ഷിക്കുന്നത് - സംബന്ധിച്ച്.

*********

തദ്ദേശസ്വയംഭരണ വകുപ്പ് എൻജിനീയറിംഗ് വിഭാഗത്തിലെ വിവിധ ഓഫീസുകളായ തദ്ദേശസ്വയംഭരണ വകുപ്പ് ഡിവിഷൻ ഓഫീസ് (ജില്ലാ പഞ്ചായത്ത്), തദ്ദേശസ്വയംഭരണ വകുപ്പ് സബ് ഡിവിഷൻ ഓഫീസ് (ബ്ലോക്ക് പഞ്ചായത്ത്) തദ്ദേശസ്വയംഭരണ വകുപ്പ് സെക്ഷൻ ഓഫീസ് (ഗ്രാമപഞ്ചായത്ത്) എന്നിവടങ്ങളിൽ ട്രഷറി മുഖേന നടത്തുന്ന പണമിടപാടുകളുടേയും (ട്രഷറി ബിൽ ബുക്ക്) രസീത് മുഖേന നടത്തുന്ന പണമിടപാടുകളുടേയും, മറ്റ് പണമിടപാടുകളുടേയും കാഷ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കാതിരിക്കുന്നതായി കണ്ടുവരുന്നുണ്ട്. കാഷ് ബുക്കിന്റെ അഭാവത്തിൽ വിവിധതരത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. മാത്രമല്ല നോൺബാങ്കിങ്ങ് ട്രഷറികളിൽ നിന്നുള്ള പണമിടപാടുകളുടെ വിശദവിവരങ്ങൾ, ട്രഷറിയിൽ നിന്ന് ലഭിച്ച പണം ബാങ്കിൽ നിക്ഷേപിച്ചതിന്റെ രേഖകൾ, മൂല്യവർദ്ധിത നികുതി (VAT), ക്ഷേമനിധി(KCWWF) എന്നിവ ഒടുക്കിയതിന്റെ വിവരങ്ങൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗ സ്ഥർ അവരുടെ മേധാവികളെ എല്ലാ മാസവും അറിയിക്കേണ്ടതാണ്. ആയതിനാൽ സംസ്ഥാ നത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ (ഗ്രാമ/ബ്ലോക്ക്/ജില്ലാ/മുനിസിപ്പാലിറ്റി/കോർപ്പറേ ഷൻ) ഓഫീസ് മേലധികാരികൾ കാഷ് ബുക്ക് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ടി കാഷ് ബുക്ക് പൂർണ്ണമാക്കി, 27.06.2014 -ന് മുമ്പായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേധാവി കൾ തൊട്ടടുത്ത മേലധികാരികളുടെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പൂർണ്ണമാക്കിയിട്ടുള്ള കാഷ് ബുക്ക് സൂക്ഷിക്കാത്ത ഓഫീസ് മേലധികാ രികളുടെ വിവരം, ത്രിതല പഞ്ചായത്തുകളിലെ വിവരം, ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനിയർമാരും, മുനിസിപ്പാലിറ്റികളുടെ വിവരം ദക്ഷിണ/ഉത്തര മേഖല സൂപ്രണ്ടിംഗ് എൻജി നീയർമാരും, കോർപ്പറേഷനുകളുടെ വിവരം നേരിട്ടും 30.06.2014-ന് മുമ്പായി ഈ ഓഫീസിൽ അറി യിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് സെക്ഷൻ ഓഫീസിന്റെ ഭരണപരമായ വിഷയങ്ങളിലും സാങ്കേതിക വിഷയങ്ങളിലും മേൽനോട്ടം വഹിക്കേണ്ടത് അതാത് സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്ത് സബ്ഡിവിഷൻ ഓഫീസിന്റെ മേൽ ചുമതലകളുടെ മേൽനോട്ടം വഹിക്കേണ്ട ചുമതല അതാത് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. മുനിസിപ്പാലിറ്റികളുടെ ടി ചുമതല സൗത്ത്/നോർത്ത് സൂപ്ര ണ്ടിംഗ് എൻജിനീയർമാരിൽ നിക്ഷിപ്തമാണ്. എന്നാൽ ചില സ്ഥലങ്ങളിൽ ഈ വിഷയങ്ങളിൽ ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗുരുതര മായ കൃത്യവിലോപമായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. അതിനാൽ ടി വിഷയങ്ങളിൽ അത്യ ധികം ശ്രദ്ധപുലർത്തേണ്ടതാണ്.

ചീഫ് എൻജിനീയർ